# കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി

**Kerala Regional Latin Catholic Secretariat**

P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt. Rev. Dr. Christudas R. | Fr. Anoop Kalathithara OSJ | Mr. Paul Jose | Mr. Sherin K.R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.04 Date: 10/08/2025

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

## <u>ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങളിൽ പ്രതിഷേധമായി പ്രധാനമന്ത്രിയ്ക്ക് പോസ്റ്റ്കാർഡ് പ്രതിഷേധം</u>

ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർ നേരിടുന്ന സാമൂഹിക അക്രമങ്ങൾ, പള്ളി തകർക്കലുകൾ, ആരാധന സ്വാതന്ത്ര്യത്തിലേക്കുള്ള ഇടപെടലുകൾ തുടങ്ങിയ സംഭവങ്ങൾ വളരെ ദുഃഖകരവും ആശങ്കാജനകവുമാണ്. മതസഹിഷ്ണുതയും സൗഹാർദ്ദവും ഭാരതീയ പാരമ്പര്യത്തിന്റെ ആധാരശിലകളാണ്. എന്നാൽ, ഈ മൂല്യങ്ങൾ നിലനിൽക്കേണ്ടതിന്റെ ആവശ്യകത ഇന്നത്തെ സാഹചര്യത്തിൽ വളരെ അത്യന്താപേക്ഷിതമാണ്.

ഇത് ഒരു വ്യക്തിയുടെ അല്ലെങ്കിൽ ഒരു സമുദായത്തിന്റെ പ്രശ്നമല്ല, തുല്യന്യായത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും കാരണമാണ്.

ഈ സാഹചര്യത്തിൽ, നമ്മുടെ സ്വരം ഉയർത്തുക എന്ന ദൗത്യത്തോടെ, കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ 12 ലത്തീൻ രൂപതകളിലെ എല്ലാ യൂണിറ്റുകളിൽ നിന്നും പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡിക്ക്, ക്രൈസ്തവർക്കെതിരെ നടക്കുന്ന അക്രമങ്ങൾ അവസാനിപ്പിക്കണമെന്നും, മതസൗഹാർദ്ദം ഉറപ്പാക്കുന്ന നടപടികൾ എടുക്കണമെന്നും ആവശ്യം ഉന്നയിച്ച് പോസ്റ്റ്കാർഡുകൾ അയച്ചുകൊണ്ട് പ്രതിഷേധം അറിയിക്കുവാൻ കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ആഹ്വാനം ചെയ്യുന്നു.

നിർദ്ദേശങ്ങൾ :-

1. യൂണിറ്റുകളിൽ നിന്നും ലെറ്റർ പോസ്റ്റ് ചെയ്യുമ്പോൾ ഇടവകയുടെ സീൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
2. പോസ്റ്റ് കാർഡ് അയക്കുവാവുള്ള മാറ്ററും അഡ്രസ്സും താഴെ ചേർക്കുന്നു.

3. കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി നൽകിയിരിക്കുന്ന മാറ്റർ മാത്രം ലെറ്ററിൽ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.

To

The Hon'ble Prime Minister of India,

Prime Minister's Office,

South Block,

Raisina Hill,

New Delhi – 110011,

India.

We write to you with deep concern over the rising incidents of violence and attacks against Christians, including priests and nuns, across our secular and democratic nation against art 25 of the constitution

We urge your immediate attention and action to ensure protection, justice, and the preservation of India’s secular fabric.

Sincerely,

Name

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

KCYM LATIN STATE COMMITTEE

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി